**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3899** **09-10-2025 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പിന്റെ പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ മത്സ്യബന്ധന വകുപ്പ് എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന 2021-22 സാമ്പത്തിക വർഷത്തിൽ നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കാരോടിൽ 24 വ്യക്തിഗത ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി 240 ലക്ഷം രൂപയുടെ ഭരണാനുമതി സ.ഉ.(സാധാ)നം.298/2021/മഉവ തീയതി 15.06.2021 പ്രകാരം നൽകിയിരുന്നു. കൂടാതെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നെയ്യാറ്റിൻകര മത്സ്യ മാർക്കറ്റ് ആധുനികവൽക്കരിക്കുന്നതിനായി 404.49 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിരുന്നു. ടി പ്രവൃത്തിക്കായി 516.9 ലക്ഷം രൂപയുടെ പുതുക്കിയ അനുമതിയും ലഭിച്ചിട്ടുണ്ട്. |
| (ബി) | ഓരോ പ്രവൃത്തിയുടെയും പേരും അതിന് അനുവദിച്ച ഫണ്ടും സംബന്ധിച്ച വിവരം വിശദമാക്കാമോ; | (ബി) | തീരദേശവികസന കോർപ്പറേഷൻ മുഖേനയുള്ള ഓരോ പ്രവൃത്തിയുടെയും പേരും അതിന് അനുവദിച്ച ഫണ്ടും സംബന്ധിച്ച വിവരം അനുബന്ധം 1 ആയി ചേർക്കുന്നു.<br><br>സാഫ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധം 2 ആയി ചേർക്കുന്നു.<br><br>നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ വിവിധ പ്രവർത്തികളിലായി 42 ഗ്രൂപ്പുകളിൽ നിന്ന് 151 ഗുണഭോക്താക്കൾക്ക് 1,25,20,841/- രൂപ വിവിധ പദ്ധതികളിലായി അനുവദിച്ചിട്ടുണ്ട്. 2024-2025 സാമ്പത്തിക വർഷത്തിൽ 4585 തൊഴിൽദിനങ്ങളിലായി 75,57,928/- രൂപയുടെ വിറ്റുവരവിൽ നിന്നും 16,53,700/- രൂപയുടെ വേതനം ലഭിക്കുകയുണ്ടായി. |
| (സി) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ പുതിയ പ്രവൃത്തികൾക്ക് | (സി) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ സാഫിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | ഭരണാനുമതി നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | | ഇത്പ്രകാരം നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിൽ 2025-2026 സാമ്പത്തിക വർഷത്തിൽ സാഫ് മുഖേന ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (ഡിഎംഇ), ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് (ജെഎൽജി) എന്നീ പദ്ധതികൾ ആരംഭിക്കുന്നതിന് അപേക്ഷ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

| ക്രമ നം. | പദ്ധതി | അനുവദിച്ച തുക (ലക്ഷം) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | കാരോട് 24 വ്യക്തിഗത ഫ്ലാറ്റുകൾ നിർമ്മാണം | 240.00 | പദ്ധതി നിർവഹണത്തിന് സ്ഥലം ലഭ്യമാകാത്തതിനാൽ നടപ്പിലാക്കാൻ കഴിഞ്ഞില്ല. |
| 2 | നെയ്യാറ്റിൻകര മത്സ്യ മാർക്കറ്റ് ആധുനികവൽക്കരണം (റിവൈസ്ഡ് ഫണ്ടിംഗ് സാംഗ്ഷൻ ലഭ്യമായി) | 516.9 (റിവൈസ്ഡ്) | DSR revision നെ തുടർന്ന് 478.40 ലക്ഷം രൂപക്ക് 15/03/22 ന് റിവൈസ്ഡ് സാങ്ഷൻ ലഭിച്ച പ്രസ്തുത മാർക്കറ്റിന്റെ സാങ്കേതികാനുമതി 03.07.2023 ന് നൽകിയിരുന്നു. തുടർന്ന് ഫയർ & സേഫ്റ്റി കൂടി ഉൾപ്പെടുത്തി പുതുക്കിയ സാങ്കേതികാനുമതി 05/01/2024 ന് നൽകി പാക്കേജ് അപ്രൂവൽ ആയി കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. GST revision നെ തുടർന്ന് 516.9 ലക്ഷം രൂപയുടെ റിവൈസ്ഡ് ഫണ്ടിംഗ് സാങ്ഷൻ കിഫ്ബിയിൽ നിന്നും 07.04.2025 ൽ ലഭ്യമായി. പ്ലാൻ റിവൈസ് ചെയ്ത് പുനഃസമർപ്പിക്കുന്നതിനായി കിഫ്ബിയിൽ നിന്നും തിരികെ നൽകിയതിനാൽ പുതുക്കിയ പ്ലാൻ അംഗീകാരത്തിനായി മുനിസിപ്പാലിറ്റിയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമായാൽ ഉടനെ സാങ്കേതികാനുമതി പുതുക്കി നൽകാനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

**<u>അനുബന്ധം 2</u>**

| ക്രമ നം. | പദ്ധതി | യൂണിറ്റുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക (ലക്ഷം) |
|---|---|---|---|---|
| **2021-22** | | | | |
| 1 | ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം | 3 | 10 | 9.92 |
| 2 | ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് | 11 | 55 | 27.00 |
| 3 | വർക്കിംഗ് ക്യാപിറ്റൽ റിവോൾവിങ് ഫണ്ട് | 1 | 2 | 0.25 |
| | **ആകെ** | **15** | **67** | **37.17** |
| **2022-23** | | | | |
| 1 | ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം | 3 | 12 | 6.26 |
| 2 | ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് | 3 | 15 | 7.50 |
| 3 | വർക്കിംഗ് ക്യാപിറ്റൽ റിവോൾവിങ് ഫണ്ട് | 3 | 8 | 0.90 |
| 4 | ടെക്നോളജി ഇമ്പ്രൂവ്മെന്റ് | 4 | 11 | 1.38 |
| 5 | ബാങ്ക് വായ്പയ്ക്കുള്ള പലിശ സബ്സിഡി | 4 | 10 | 0.20 |
| | **ആകെ** | **17** | **56** | **16.24** |
| **2023-24** | | | | |
| 1 | ജോയിന്റ് ലയബിലിറ്റി | 1 | 5 | 0.50 |

| | | | | |
|---|---|---|---|---|
| | ഗ്രൂപ്പ് | | | |
| 2 | വർക്കിംഗ് ക്യാപിറ്റൽ റിവോൾവിങ് ഫണ്ട് | 2 | 4 | 1.50 |
| 3 | ബാങ്ക് വായ്പയ്ക്കുള്ള പലിശ സബ്സിഡി | 3 | 7 | 0.08 |
| | **ആകെ** | **6** | **16** | **2.08** |
| | | **2024-25** | | |
| 1 | ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ് | 1 | 5 | 0.50 |
| 2 | വർക്കിംഗ് ക്യാപിറ്റൽ റിവോൾവിങ് ഫണ്ട് | 3 | 7 | 1.75 |
| | **ആകെ** | **4** | **12** | **2.25** |